WEDNESDAY 24-08-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/08/2022.

1. ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ മുഖേനയുള്ള കർഷക രജിസ്ട്രേഷന്റെ അവസാന തീയതി നാളെ വരെ (ആഗസ്റ്റ് 25) നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ക്ഷീരകർഷകർക്ക് സമീപത്തുള്ള അക്ഷയകേന്ദ്രങ്ങൾ മുഖേനയും ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയും ക്ഷീര വികസന ഓഫീസുകൾ മുഖേനയും സ്വന്തം മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റ് ഉപയോഗിച്ച് ksheerasree.kerala.gov.in എന്ന പോർട്ടൽ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കും. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് ക്ഷീര കർഷകർ അവരുടെ ഫോട്ടോ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവയും ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ എന്നിവ നൽകുകയും വേണം. കൂടുതൽ വിവരങ്ങൾക്ക് പോർട്ടലിൽ തന്നെ ലഭ്യമായ ഹെൽപ് ഡെസ്ക് നമ്പറുകളിലും അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിലും ക്ഷീരസഹകരണ സംഘങ്ങളിലും ക്ഷീരവികസന ഓഫീസുകളിലും ബന്ധപ്പെടാവുന്നതാണ്.

2. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഇന്ന് (ആഗസ്റ്റ് 24) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. **04812576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. തിരുവനന്തപുരം പാറശ്ശാല പരശുവയ്ക്കൽ സർക്കാർ ആടുവളർത്തൽ കേന്ദ്രത്തിൽ മലബാറി ഇനത്തിൽപ്പെട്ട ഒരു മുട്ടനാട്, 14 പെണ്ണാട് എന്നവയെ ഇന്ന് (ആഗസ്റ്റ് 24) രാവിലെ 11 മണിക്ക് ലേലം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2202822** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കുഞ്ഞൊന്നിന് പത്ത് രൂപ നിരക്കിൽ യഥേഷ്ടം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 25) രാവിലെ 11 മണിക്ക് **പേവിഷബാധ നിയന്ത്രണം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**മൃഗസംരക്ഷണം സമ്മിശ്രകൃഷിയിൽ**" എന്ന വിഷയത്തിൽ ആഗസ്റ്റ് 30-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഒരു ദിവസത്തെ സംരംഭക സൗജന്യ പരിശീലന പരിപാടി നടത്തുന്നു. **കന്നുകാലികളുടെ പരിചരണം, മഴക്കാല രോഗങ്ങൾ, കോഴി വളർത്തൽ, കാട വളർത്തൽ, അസോള, തീറ്റപ്പുല്ല്** എന്നിവയുടെ കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ കാർഷിക സർവ്വകലാശാലയിലെയും വെറ്ററിനറി സർവ്വകലാശാലയിലെയും വിദഗ്ദ്ധർ ക്ലാസ്സ് നയിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന ഫോൺ നമ്പറിലോ anisdas@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25, 26 (ആഗസ്റ്റ് 25,26) തീയതികളിൽ നടത്താനിരുന്ന **മുട്ടക്കോഴി വളർത്തൽ** പരിശീലനം മാറ്റി വച്ചതായി പരിശീലന കേന്ദ്രം പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

9. കേരള കാർഷിക സർവ്വകലാശാലയുടെ കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രവും തിരുവനന്തപുരം ശ്രീകാര്യം കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രവും സംയുക്തമായി കോഴിക്കോട് ജില്ലയിലെ കർഷകർക്കായി "**കിഴങ്ങു വിളകളുടെ അത്യുത്പാദന ശേഷിയുള്ള ഇനങ്ങളും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും**" എന്ന വിഷയത്തിൽ ഇന്ന് (24.08.2022) രാവിലെ 11 മണിക്ക് സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി

https://us02web.zoom.us/j/89757046629?pwd=NmRTYjdxWm5yM0dpY0xDa241Zkc4QT09 എന്ന Zoom പ്ലാറ്റ്ഫോം ലിങ്കിലൂടെ ഇന്ന് രാവിലെ (ആഗസ്റ്റ് 24) 11 മണിക്ക് ജോയിൻ ചെയ്യാവുന്നതാണ്. കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ ഓൺലൈൻ പരിശീലന പരിപാടി തത്സമയം പ്രദർശിപ്പിക്കുന്നതാണ്. ഓൺലൈനായി ജോയിൻ ചെയ്യാൻ കഴിയാത്തവർക്ക് ഇന്ന് രാവിലെ (ആഗസ്റ്റ് 24) 11 മണിക്ക് കോഴിക്കോട് ഓഫീസിൽ നേരിട്ട് വന്നു പരിപാടിയിൽ പങ്കെടുക്കാൻ സൗകാര്യമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ **മാസം 26**-ന് (ആഗസ്റ്റ് 26) രാവിലെ 10 മണി മുതൽ 4 മണി വരെ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- പച്ചക്കറിവിളകളിൽ വെളുത്ത നിറത്തിൽ കൂട്ടമായി ഇലകളുടെ അടിവശത്ത് കണ്ടു വരുന്ന മീലി മൂട്ടകളെ നിയന്ത്രിക്കുന്നതിനായി സോപ്പ് ലായനി തളിച്ച ശേഷം 2% വേപ്പെണ്ണ എമൽഷൻ അല്ലെങ്കിൽ 5 മില്ലി വേപ്പെണ്ണ അധിഷ്ഠിത കീടനാശിനികൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. അല്ലെങ്കിൽ ലേക്കാനിസീലിയം ലക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക
- കൂടുതൽ കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക;